**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5164** **04-07-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിൽ ഒന്നായ റവന്യൂ വകുപ്പിൽ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചിട്ടുള്ളതാണ് Zero Corruption Campaign. അതിന്റെ ഭാഗമായി 23.03.2022 ലെ സ.ഉ.(സാധാ)നം.1293/2022/റവ പ്രകാരം സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ മേധാവികളാക്കിക്കൊണ്ടും മറ്റ് ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിക്കൊണ്ടും ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 ജില്ലകളും ഉൾപ്പെടുന്ന രീതിയിൽ 17.08.2023 ലെ സ.ഉ.(സാധാ)നം.3037/2023/റവ പ്രകാരം 7 ടീമുകൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. പ്രസ്തുത ടീമുകൾ സംസ്ഥാനത്തുടനീളം പരിശോധന നടത്തി വരുന്നുണ്ട്.<br><br>റവന്യൂ വകുപ്പിൽ പരിശോധനകൾ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും സർക്കാർ തലത്തിൽ ഉന്നതതല പരിശോധന കാര്യക്ഷമമായി നടത്തി വരുന്നു.<br><br>2. സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും റവന്യൂ വിജിലൻസ് പരിശോധന നടത്തി വരുന്നു.<br><br>3. കമ്മീഷണറേറ്റ് തലത്തിൽ കളക്ടറേറ്റുകൾ, ആർഡിഒ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | 4. കളക്ടറേറ്റ് തലത്തിൽ ആർഡിഓ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവ നടത്തി വരുന്നു.<br><br>5. താലൂക്ക് തലത്തിൽ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ആകസ്മിക പരിശോധനകൾ നടത്തി വരുന്നു.<br><br>6. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടാൻ റവന്യൂ ടോൾ ഫ്രീ നമ്പർ 18004255255 പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ റവന്യൂ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>7. ജില്ലകളിൽ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ഷൻ & വിജിലൻസ് വിഭാഗം വില്ലേജോഫീസുകളിലെ ജമാബന്തി പരിശോധനകൾ നടത്തി വരുന്നു.<br><br>8. മേഖലാടിസ്ഥാനത്തിൽ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ഉള്ള ടീമുകളും റവന്യൂ ആഫീസുകളിൽ മിന്നൽ പരിശോധനകൾ ഉൾപ്പെടെ നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗം കുറ്റമറ്റ നിലയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികളെന്തെല്ലാം; വിശദമാക്കുമോ; | (ബി) | നിലവിലുള്ള പരിശോധനാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും പരിശോധനകൾക്കാവശ്യമായ ചോദ്യാവലികളും, അവയുടെ Standard Operating Procedure എന്നിവ തയ്യാറാക്കി ഓൺലൈനായി പരിശോധന നടത്തുന്നതിനുള്ള online module വികസിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>കൂടാതെ സംസ്ഥാനത്തെ മുഴുവൻ വില്ലേജോഫീസുകളും, മൂന്ന് മാസത്തെ കാലയളവിനുള്ളിൽ പരിശോധനക്ക് വിധേയമാക്കപ്പെടുന്ന തരത്തിൽ online module വികസിപ്പിച്ചെടുത്തിട്ടുള്ളതും, ആയത് പ്രകാരം നിലവിൽ പരിശോധനകൾ നടന്നുവരികയും ചെയ്യുന്നുണ്ട്. ഇപ്രകാരമുള്ള പരിശോധനകൾ വഴി ഓരോ ത്രൈമാസ കാലയളവിനുള്ളിലും, എല്ലാ വില്ലേജാഫീസുകളും പരിശോധനാ പരിധിയിൽ ഉൾപ്പെട്ടു വരുകയും, ഒരു വർഷത്തിനുള്ളിൽ 4 തവണ വില്ലേജുകൾ പരിശോധനക്ക് വിധേയമാകുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന |

| | | | |
|---|---|---|---|
| | | | ന്യൂനതകൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും, ആയവ പരിഹരിക്കപ്പെടുന്നതിനും, കൂടാതെ ഗുരുതരമായ ക്രമക്കേടുകൾക്ക്, അച്ചടക്ക നടപടികൾക്ക് ശുപാർശ ചെയ്യുന്നതിനും, ഇത് പ്രകാരം സാധ്യമാകുന്നതാണ്. |
| (സി) | പ്രസ്തുത വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകൾ ഗൗരവതരമായി പരിഗണിച്ച് ശിക്ഷാനടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (സി) | പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകളുടെ ഗൗരവം അനുസരിച്ച് ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു. |
| (ഡി) | വകുപ്പിന്റെ ആഭ്യന്തര പരിശോധന വിഭാഗം, വിജിലൻസ് വിഭാഗം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ വിഭാഗങ്ങളിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പഠന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM) മുഖേന റവന്യൂ ജീവനക്കാർക്ക് നിലവിൽ, റവന്യൂ വകുപ്പിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ആയതിൽ ഓഫീസുകൾ അഴിമതി മുക്തമാക്കുന്നത് സംബന്ധിച്ച വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയതായി തയ്യാറാക്കുന്ന ഓൺലൈൻ പരിശോധനാ സമ്പ്രദായത്തെക്കുറിച്ച്, പരിശോധനാ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പഠന പരിശീലന പ്രവർത്തനങ്ങൾ ILDM മുഖേന സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെന്റർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റ് (CTFM) മുഖാന്തിരം പരിശീലന പരിപാടികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ